LIBRARY ARCHIVES Kerala Legislative Assembly

പ്രോജക്ട് - 4: മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനും പ്രകൃതി ദുരന്തങ്ങൾമൂലമുള്ള നാശനഷ്ടങ്ങളുടെ ആക്കം കുറയ്ക്കുന്നതിനും ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനുമായി വനാന്തര ഭാഗങ്ങളിൽനിന്നും ഗോത്രവാസികളെ അവരുടെ സമ്മതപ്രകാരം വനത്തിനുള്ളിൽത്തന്നെയുള്ള അനുയോജ്യമായ ഇടങ്ങളിലേയ്ക്ക് മാറ്റിത്താമസിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനം, കണ്ടൽക്കാടുകളുടെ സംരക്ഷണം സംബന്ധിച്ച സാധ്യതാ പഠനം, വനങ്ങൾ പ്രദാനം ചെയ്യുന്ന ഹൈഡ്രോളജിക്കൽ സർവ്വീസസിനെ വിലയിരുത്തുന്നതിനുള്ള സാധ്യതാ പഠനം - (5.98 കോടി രൂപ)

ഉപ്പുജല തടാകങ്ങളുടെ സംരക്ഷണം

25 (*354) ശ്രീ. ഇ. കെ വിജയൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉപ്പുജല തടാകങ്ങൾ മലിനീകരണംമൂലമുള്ള ആവാസവ്യവസ്ഥാ തകർച്ച നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരളത്തിലെ ഉപ്പുജല തടാകങ്ങൾ മലിനീകരണംമൂലമുള്ള ആവാസവ്യവസ്ഥ തകർച്ച നേരിടുന്നുണ്ടെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഴികൾ/പൊഴികൾ മുഖേന തടാകങ്ങളിലേയ്ക്കെത്തുന്ന ലവണത്തിനുപുറമേ തടാകങ്ങളിലേയ്ക്ക് എത്തിച്ചേരുന്ന വിവിധതരത്തിലുള്ള മാലിന്യങ്ങൾ ഇതിന് ആക്കം കൂട്ടുന്നുണ്ട്.

(ബി) തടാകങ്ങളിലെ ജലത്തിന്റെ ഗുണനിലവാരം കുറയുന്നതും ജലജീവികളുടെ നശീകരണവും കണക്കിലെടുത്ത് തടാകങ്ങളുടെ സംരക്ഷണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തടാകങ്ങളുടെ വൃഷ്ടി പ്രദേശത്ത് ലഭ്യമാകുന്ന മഴവെള്ളം സംരക്ഷിക്കുന്നതിന് നീർത്തടാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയെന്നത് തടാകങ്ങളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിക്കാനിടയാകും. ഇത് ജലഗുണനിലവാര വർദ്ധനയ്ക്ക് സഹായകമാകും. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് തലത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. കുട്ടനാട് പാക്കേജിന്റെ ഭാഗമായി വേമ്പനാട് കായലിൽ കുട്ടനാട് പ്രദേശത്ത് സംരക്ഷണ പ്രവർത്തനങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കായലുകളുടെ ശുചീകരണത്തിനായി ഒരു ജനകീയ ക്യാമ്പയിൻ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ കായലുകൾ പലവിധത്തിലുള്ള പാരിസ്ഥിതിക തകർച്ച നേരിടുന്നുണ്ട്. ഇതുപരിഹരിച്ച് തടാകങ്ങളെ സുസ്ഥിരമായി സംരക്ഷിക്കുന്നതിന് ബഹുമുഖ പദ്ധതികളാവശ്യമാണ്. ശാസ്ത്രീയമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ, ജനകീയമായി ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങളും വകുപ്പുകൾ/ഏജൻസി മുഖേന നിർവ്വഹിക്കാൻ കഴിയുന്ന പ്രവർത്തനങ്ങളും വേർതിരിച്ച്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കായലുകളുടെ ശുചീകരണത്തിന് ജനപങ്കാളിത്തം ഉറപ്പാക്കി ക്യാമ്പയിൻ മാതൃകയിൽ ശുചീകരണ പ്രവർത്തനം ഏറ്റെടുക്കുന്നത് കായലുകളുടെ സംരക്ഷണത്തിനും ജലഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ജലസ്രോതസ്സുകളിൽ മാലിന്യം എത്തിച്ചേരുന്നത് കുറയ്ക്കുന്നതിനും സഹായകമാകും.

(ഡി) ഉപ്പുജല തടാകങ്ങളോടനുബന്ധിച്ചുള്ള ചതുപ്പ് പ്രദേശങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സ്വാഭാവികമായി കണ്ടൽചെടികൾ വളരുന്നതിന് സാദ്ധ്യതയുള്ള കായൽ പ്രദേശങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിന് കുട്ടനാട് പാക്കേജ്-1-ൽ ഉൾപ്പെടുത്തി വനംവകുപ്പ് നടപടി സ്വീകരിച്ചിരുന്നു. എന്നാൽ, കായലോരങ്ങളിൽ സ്വകാര്യ വ്യക്തികളുടെ ഭൂമിക്കൂടി വരുന്ന ഇടങ്ങളിൽ കണ്ടൽവനവൽക്കരണത്തിന് പരിമിതികൾ നിലനിൽക്കുന്നു. കണ്ടൽവനവൽക്കരണത്തിൽ സ്വകാര്യ വ്യക്തികൾ താൽപര്യം കാണിക്കുന്നില്ല എന്നതാണ് കാരണം. എന്നാൽ, അഷ്ടമുടികായലിന്റെ ഭാഗമായി വരുന്ന ചില പ്രദേശങ്ങളിൽ കൃഷിയിടങ്ങളും മറ്റും വേലിയേറ്റ പ്രതിരോധത്തിന് സഹായകമാകുംവിധം കണ്ടൽ ജൈവവേലി നിർമ്മിക്കുന്നതിന് താൽപര്യം കാണിക്കുന്നവരുമുണ്ട്. ഫിഷറീസ് വകുപ്പ്, വനം വകുപ്പ് അധികൃതർ മുഖേനയാണ് കണ്ടൽവനവൽക്കരണം നിർവ്വഹിച്ചുവരുന്നത്. ഹരിതകേരളം മിഷന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി നടക്കുന്ന പച്ചത്തുരുത്ത് പദ്ധതിയിൽപ്പെടുത്തി 4 ജില്ലകളിലായി 508 സെന്റ് സ്ഥലത്ത് കണ്ടൽ തുരുത്തുകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.